STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

നം: എ1/3094/2019/സ്കോൾ-കേരള

തീയതി: 23.11.2022

# ടെണ്ടർ/ക്വട്ടേഷൻ നോട്ടീസ്

കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള) മുഖേന വിവിധ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും നിർദ്ദിഷ്ട ഫീസ് ഓൺലൈനായി ശേഖരിക്കുന്നതിനുള്ള ഗേറ്റ്‌വേ സേവനം 2023 ജനുവരി 1 മുതൽ സ്കോൾ-കേരളയ്ക്ക് സജ്ജമാക്കി നൽകുന്നതിന് താൽപ്പര്യമുള്ള ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നു. ചുവടെപറയുന്ന ഇനങ്ങൾ മുഖേനയുള്ള ക്രയവിക്രയങ്ങൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് നിരക്കുകൾ രേഖപ്പെടുത്തിയ ടെണ്ടർ/ക്വട്ടേഷനുകളാണ് സമർപ്പിക്കേണ്ടത്.

(i) Internet Banking Transaction
(ii) Debit Card Transaction
(iii) Credit Card Transaction
(iv) UPI Transaction etc.

ഒരു അധ്യയന വർഷത്തിൽ ഒരു ലക്ഷത്തോളം ക്രയവിക്രയങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഓരോമാസവും ഗേറ്റ്‌വേ സേവനം വഴിശേഖരിക്കുന്ന തുക തൊട്ടടുത്ത മാസത്തെ ആദ്യപ്രവർത്തി ദിവസം സ്കോൾ-കേരള നിശ്ചയിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും വിധമാണ് ക്രമീകരണം നടത്തേണ്ടത്. ഏറ്റവും കുറവ് സർവ്വീസ് ചാർജ്ജ്/സർവ്വീസ് ചാർജ്ജ് രഹിത ഗേറ്റ്‌വേ സേവനം കുറ്റമറ്റ രീതിയിൽ സജ്ജമാക്കി നൽകാൻ സന്നദ്ധതയുള്ള ബാങ്കിനെ സ്കോൾ-കേരളയുടെ ഗേറ്റ്‌വേ സേവനദാതാവായി തെരഞ്ഞെടുക്കും. മേൽപ്പറഞ്ഞവിധം ഗേറ്റ്‌വേ സേവനം സജ്ജമാക്കി നൽകാൻ താൽപ്പര്യമുള്ള ബാങ്കുകൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ ടെണ്ടർ/ക്വട്ടേഷൻ നേരിട്ടോ, സ്പീഡ് പോസ്റ്റ്/രജിസ്റ്റേഡ് തപാൽ മാർഗ്ഗമോ മുദ്രവച്ച കവറിൽ **2022 നവംബർ 30 ന് രാവിലെ 11 മണിക്കകം** സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 3 മണിക്ക് തുറന്ന് പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. ഈ ടെണ്ടർ/ക്വട്ടേഷൻ നോട്ടീസ് പൂർണ്ണമായോ ഭാഗികമായോ റദ്ദാക്കുന്നതിനുള്ള അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA * SCOLE-KERALA *
Vidhya Bhavan
Poojappura
Thiruvananthapurm
695012

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻചാർജ്ജ്

To,
Website/Notice Board

C1/E/SCOLEA1/LettersMal/892